**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **31-01-2024 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ എത്ര തവണ വെള്ളക്കരം വർദ്ധിപ്പിച്ചു; അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണ്; എത്ര രൂപയാണ് വർധന ഉണ്ടായത്; അറിയിക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ആകെ 2 തവണ വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>1. സർക്കാർ ഉത്തരവ് നമ്പർ GO.(MS) No.9/2021/WRD dated 10/02/2021 അന്ന് നിലവിലുണ്ടായിരുന്ന നിരക്കിൽ നിന്നും 5 ശതമാനം വാട്ടർ ചാർജ് 01/04/2022 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.<br>2. 03-02-2023 തീയതിയിലെ G.O. (MS) No. 11/2023/WRD നമ്പർ ഉത്തരവ് പ്രകാരം 03/02/2023 മുതൽ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും (പൊതുടാപ്പുകൾ ഉൾപ്പെടെ) ലിറ്ററിന് ഒരു പൈസ വീതം വാട്ടർ ചാർജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരമാണ് അവസാനമായി ചാർജ് വർദ്ധിപ്പിച്ചത്.<br><br>പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ലിറ്ററിന് ഒരു പൈസ വീതം വാട്ടർ ചാർജ് വർദ്ധിപ്പിച്ചു. |
| (ബി) | വെള്ളക്കരം വർദ്ധിപ്പിക്കുന്നതിന് തൊട്ടുമുൻപുള്ള മാസം വാട്ടർ അതോറിറ്റിയുടെ ഈ ഇനത്തിലുള്ള ആകെ വരുമാനം എത്രയായിരുന്നു; വെള്ളക്കരം വർദ്ധിപ്പിച്ചതിനു ശേഷമുള്ള ആദ്യത്തെ മാസത്തെ ആകെ വരുമാനം എത്ര; നാളിതുവരെ എത്ര രൂപയുടെ അധിക വരുമാനം ഈ രീതിയിൽ സമാഹരിക്കാൻ കഴിഞ്ഞു; വ്യക്തമാക്കാമോ? | (ബി) | 03-02-2023 തീയതിയിലെ G.O.(MS)No. 11/2023/WRD ഉത്തരവ് പ്രകാരം വാട്ടർ ചാർജ് വർദ്ധിപ്പിക്കുന്നതിന് മുൻപുള്ള മാസത്തെ ബില്ല് തുക പൊതു ടാപ്പുകൾ ഉൾപ്പടെ (ഡിമാൻഡ്) 60.06 കോടി രൂപയും വർദ്ധനവിന് ശേഷമുള്ള മാസത്തെ (ബില്ലിംഗ് സൈക്കിൾ പൂർത്തിയായതിന് ശേഷമുള്ള) ബില്ല് തുക (ഡിമാൻഡ് – മെയ് 2023) 128.97 കോടി രൂപയുമാണ്.<br><br>2023-24 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസം സമാഹരിച്ചത് 739.32 കോടി രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തെ ആദ്യ 9 മാസം സമാഹരിക്കുവാൻ കഴിഞ്ഞത് 526.59 കോടി രൂപ |

| | | | |
|---|---|---|---|
| | | | ആയിരുന്നു. അധിക സമാഹരണം 212.73 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ